## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5412** — **28.7.2015-ൽ മറുപടിക്ക്**

## അമൃത് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| 1. ശ്രീ. പി. ഉബൈദുള്ള<br>2. ,, എം. ഉമ്മർ<br>3. ,, കെ. എം. ഷാജി<br>4. ,, പി. കെ. ബഷീർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) കേന്ദ്രസർക്കാരിന്റെ അമൃത് (അടൽ മിഷൻ ഫോർ റിജൂവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ സ്കീം) പദ്ധതിയിൽ സംസ്ഥാനത്തിനുള്ള പങ്കാളിത്തം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ; | (എ) അമൃത് മിഷനിലുൾപ്പെടുന്ന സിറ്റികൾ സംബന്ധിച്ച വിജ്ഞാപനം കേന്ദ്രം ഇനിയും പുറപ്പെടുവിച്ചിട്ടില്ല. അമൃത് മിഷനിൽ മതിയായ പങ്കാളിത്തം സംസ്ഥാനത്തിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) നിലവിലെ ജവഹർ ലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതി (ജെൻറം) യ്ക്ക് അമൃത് പദ്ധതിയുമായുള്ള വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ; ജെൻറം പദ്ധതിയുടെ ഇനിയുള്ള പ്രവർത്തനം എങ്ങിനെയായിരിക്കുമെന്ന് വിശദമാക്കുമോ; | (ബി) ജെ.എൻ.യു.ആർ.എം (ജവഹർലാൽ നെഹ്റു ദേശീയ നഗരവിസന പദ്ധതി) ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അവലംബിച്ചു പോരുന്ന Project by Project അംഗീകാരത്തിനു പകരം ഓരോ വർഷവും സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്ന State Level Annual Action Plan (SAAP) ൽ നിന്നും സംസ്ഥാനത്തിനു തന്നെ അമൃത് മിഷൻ പദ്ധതികൾക്ക് അംഗീകാരം നൽകാവുന്നതാണ്. പദ്ധതിയിലുൾപ്പെടുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഒരു Service Level Improvement Plan (SLIP) തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. പദ്ധതി അംഗീകാരത്തിന് മുമ്പായി തന്നെ സ്ഥലവും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതി ഉത്തരവുകളും, നിരാക്ഷേപ പത്രങ്ങളും ലഭ്യമാക്കാത്ത പദ്ധതികളെ അമൃത് മിഷനിൽ ഉൾപ്പെടുത്തുകയില്ല. 80:10:10 (കേന്ദ്രം-സംസ്ഥാനം-നഗരസഭ) എന്ന ജെ.എൻ.എൻ.യു.ആർ.എം ഫണ്ടിംഗ് പാറ്റേണിന്റെ സ്ഥാനത്ത് അമൃത് മിഷൻ പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ താഴെപ്പറയും പ്രകാരമാണ്. |

| Component | Funding Pattern |
|---|---|
| Water Supply, Sewerage, Septage Storm Water Drains, Urban Transport. | 1. One-third of the project cost as grant from Government of India for cities with a population of above 10 lakhs<br>2. One-half of the project cost as grant for cities/ towns with population up to 10 lakhs<br>3. Balance funding by State Governments/ Urban Local Bodies (ULBs) or through private investment. |
| Development of green space and park with special provision for child-friendly components. | One-half of the projct cost by GoI and the total expenditure on these projects will not exceed 2.5% of the State Annual Action Plan (SAAP) |

ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൻ കീഴിൽ വരുന്ന ഇനിയും പൂർത്തീയായിട്ടില്ലാത്ത ഏതെല്ലാം പദ്ധതികളെയാണ് അമൃത് മിഷനു കീഴിൽ ഉൾപ്പെടുത്തുക എന്നതു സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുമെന്നാണ് അമൃത് മിഷനുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശ പ്രകാരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

(സി) സ്മാർട്ട് സിറ്റി മിഷൻ പ്രകാരം കേരളത്തിലെ ഏതെങ്കിലും പട്ടണത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വികസന പദ്ധതികളിൽ സംസ്ഥാനം പിൻതളളപ്പെട്ടു പോകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(സി) കേരളത്തിൽ നിന്നും ഒരു പട്ടണത്തെയാണ് സ്മാർട്ട് സിറ്റി മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യോഗ്യതയുളള പട്ടണങ്ങളിൽ നിന്നും പ്രസ്തുത പട്ടണത്തെ സംസ്ഥാനം തെരഞ്ഞെടുത്ത് കേന്ദ്രത്തെ അറിയിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ